# കർമപരിപാടികൾ

**നേതൃത്വശുശ്രൂഷയുടെ തലത്തിൽ**

1. മെത്രാന്മാരുടെ ഇടവക സന്ദർശനത്തെയും അവരുമായി ബന്ധപ്പെട്ട ആഘോഷങ്ങളെയും സംബന്ധിച്ച് ശ്രദ്ധിക്കേണ്ടതും മാറ്റം വരുത്തേണ്ടതുമായ കാര്യങ്ങൾ ഓരോ മെത്രാനും തന്റെ രൂപതയിൽ അറിയിക്കുന്നതായിരിക്കും.

2. വൈദികർ അവരുടെ അനുദിനജീവിതസാക്ഷ്യത്തിലും അജപാലനശുശ്രൂഷയിലും വരുത്തേണ്ട മാറ്റങ്ങളെയും സ്വീകരിക്കേണ്ട നിലപാടുകളെയുംകുറിച്ച് രൂപതാമേലദ്ധ്യക്ഷന്മാർ അവർക്കു നിർദേശങ്ങൾ നല്കുന്നതാണ്.

3. സന്യസ്തസമൂഹങ്ങളും സന്യസ്തരും അവരുടെ സമർപ്പണജീവിതത്തിന്റെയും ശുശ്രൂഷകളുടെയും തലങ്ങളിൽ സ്വീകരിക്കേണ്ട ലാളിത്യത്തിന്റെ നിലപാടുകളും തങ്ങളുടെ സിദ്ധി (charism) ക്കനുസരിച്ച് വരുത്തേണ്ട മാറ്റങ്ങളും സന്യാസശ്രേഷ്ഠരുടെ തീരുമാനങ്ങൾക്കു വിധേയമാക്കി സന്യാസസമർപ്പണസാക്ഷ്യം കൂടുതൽ ദീപ്തവും ഫലപ്രദവുമാക്കേണ്ടതാണ്.

**രൂപതതലത്തിൽ**

4. ഇടവകകളിലെയും സ്ഥാപനങ്ങളിലെയും നിർമാണപ്രവർത്തനങ്ങൾക്ക് സഭയിലെ പ്രബോധനങ്ങൾക്ക് അനുസൃതമായ ലാളിത്യം ഉണ്ടാകേണ്ടതിന് കൃത്യമായ നിയമങ്ങൾ രൂപതാതലത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

5. ഇടവകകളിലെയും സ്ഥാപനങ്ങളിലെയും സന്യാസസമൂഹങ്ങളിലെയും കുടുംബങ്ങളിലെയും ആഘോഷങ്ങൾ ക്രിസ്തീയ ജീവിതശൈലിയിൽ ലളിതമായി നടത്തുന്നതിന് പ്രത്യേകം പ്രത്യേകം മാർഗനിർദേശങ്ങൾ ഓരോ രൂപതയും സന്യാസസമൂഹവും തയ്യാറാക്കി നല്കേണ്ടതാണ്.

6. ഒരു നിശ്ചിത ശതമാനം സീറ്റുകൾ സ്കൂളുകളിലും, കോളേജുകളിലും, പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ആശുപത്രികളിലും അർഹതയുള്ള പാവപ്പെട്ടവർക്കായി മാറ്റി വയ്ക്കുവാൻ രൂപതകളും സന്യാസസമൂഹങ്ങളും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ

പാവപ്പെട്ട രോഗികൾക്ക് സഭയുടെ ആശുപത്രികളിൽ ഉദാരമായ ഇളവുകൾ നല്കേണ്ടതാണ്.

7. ഓരോ രൂപതയും തങ്ങളുടെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ദളിത് ക്രിസ്ത്യാനികൾ, കർഷകർ, മുക്കുവർ, വിധവകൾ, നിർദ്ധനരായ വിദ്യാർത്ഥികൾ എന്നിവർക്ക് സാമ്പത്തികസഹായമായി നല്കേണ്ടതാണ്.

8. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുന്നതും അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫ് അംഗങ്ങൾക്കും ജോലി നല്കുന്നതും നിയമാനുസൃതവും സുതാര്യവുമായിരിക്കണം.

9. രണ്ടിലേറെ കുട്ടികളുള്ള കുടുംബങ്ങൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടെങ്കിൽ അവർക്ക് വിദ്യാഭ്യാസത്തിനും ചികിൽസയ്ക്കും ആവശ്യമായ പ്രത്യേക സാമ്പത്തികസഹായങ്ങൾ സംലഭ്യമാക്കാൻ രൂപതാ അടിസ്ഥാനത്തിൽ നിർദേശങ്ങൾ നല്കേണ്ടതാണ്.

10. ലൈംഗികതയെ സംബന്ധിച്ച ക്രൈസ്തവദർശനം കുടുംബങ്ങൾക്കായി, പ്രത്യേകിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കുമായി നല്കണം. പ്രോ-ലൈഫ്, പ്രോ-ഫാമിലി പരിപാടികൾ എന്നിവ ഇടവകകൾ കൂടുതലായി സംഘടിപ്പിക്കണം. ഗർഭഛിദ്രം തടയാൻ വേണ്ടി നവദമ്പതികൾക്കും ഡോക്ടർമാർക്കും നേഴ്സുമാർക്കും ബോധവത്കരണ പരിപാടികൾ രൂപതാ/ഫൊറോനാ തലങ്ങളിൽ നടത്തണം.

11. പ്രായപരിധികൾക്കനുസരിച്ചും, കുടുംബതലത്തിലും, ധ്യാനങ്ങളും ബോധവല്ക്കരണസെമിനാറുകളും കൂടുതലായി പ്രോത്സാഹിപ്പിക്കണം.

12. മദ്യത്തിനും മയക്കുമരുന്നിനും മറ്റ് ആസക്തികൾക്കും അടിമകളായവരെ വീണ്ടെടുക്കുന്ന അജപാലനപ്രവർത്തനങ്ങൾ കൂടുതൽ ആസൂത്രണം ചെയ്യുകയും അതിനാവശ്യമായുള്ള സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്തുകയും വേണം. പ്രത്യേകം സംവിധാനങ്ങൾ ഉണ്ടാക്കുവാൻ സാധിക്കാത്ത രൂപതകൾ അയൽരൂപതയിലെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

13. ഒരോ ഇടവകയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾക്കും സാദ്ധ്യതകൾക്കും അനുസരിച്ച് വിവിധ പ്രേഷിതമേഖലകളിൽ പ്രാവീണ്യം സിദ്ധിച്ചവരുടെ സംഘങ്ങൾ (resource teams) ഫൊറോനാകളുടെയോ ഇടവകകളുടെയോ മേൽനോട്ടത്തിൽ രൂപപ്പെടുത്തി അവരുടെ ശുശ്രൂഷകൾ നിജപ്പെടുത്തുന്നത് ഇടവകകളുടെയും കുടുംബങ്ങളുടെയും വളർച്ചക്ക് ആവശ്യമാണ്.

14. സഭയിൽ നേതൃത്വശുശ്രൂഷയിലേക്ക് കടന്നുവരുന്ന അല്മായ സഹോദരങ്ങൾക്ക്, പ്രത്യേകിച്ച് കൈക്കാരന്മാർ, ദേവാലയശുശ്രൂഷികൾ, മതാദ്ധ്യാപകർ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ എന്നിവർക്ക്, സഭയുടെ ശരിയായ ജീവിതശൈലിക്ക് യോജിച്ച ലാളിത്യത്തെക്കുറിച്ച് വേണ്ടത്ര പരിശീലനം നല്കണം.

15. യുവജനങ്ങളുടെ ജോലിസാദ്ധ്യതകൾ സംബന്ധിച്ചും വ്യത്യസ്ത രീതികളിൽ ക്ലേശമനുഭവിക്കുന്നവർക്കുള്ള സർക്കാർ പദ്ധതികൾ, സബ്സിഡികൾ, സഹായങ്ങൾ മുതലായവയെക്കുറിച്ചും അറിവ് നല്കുന്നതിനായി, "*ഹെൽപ് ഡെസ്ക്*", രൂപതാ/ഫൊറോനാ തലങ്ങളിൽ ഏർപ്പെടുത്തണം.

16. ഫ്ളക്സ് ഉപയോഗം നിരുത്സാഹപ്പെടുത്തണം. വെടിക്കെട്ട്, ഉച്ചഭാഷിണിയുടെ ഉപയോഗം എന്നിവ രൂപതാതലത്തിൽ നല്കുന്ന നിബന്ധനകൾക്ക് വിധേയമാക്കണം.

**ഇടവകതലത്തിൽ**

17. അജപാലകർ, ഓരോ ഇടവകയും അതിലെ കുടുംബങ്ങളും നേരിടുന്ന പ്രശ്നങ്ങൾ പ്രാധാന്യവും ഗൗരവവുമനുസരിച്ച് തിട്ടപ്പെടുത്തുകയും പരിഹാരമാർഗങ്ങൾ കണ്ടെത്തി പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യണം.

18. വിവാഹത്തിലും കുടുംബബന്ധങ്ങളിലുമുള്ള തകർച്ചകൊണ്ട് ദുരിതമനുഭവിക്കുന്ന വിശ്വാസികളെ സഹഗമിക്കുവാനും സന്തോഷപ്രദമായ കുടുംബജീവിതം പുനരാരംഭിക്കുവാൻ അവരെ സഹായിക്കാനുംവേണ്ടി എല്ലാ വൈദികരും സന്യസ്തരും പരിശ്രമിക്കണം. യോഗ്യരായ ദമ്പതികളെ ഇത്തരം അജപാലനശുശ്രൂഷകൾക്കായി പരിശീലനം നല്കി നിയോഗിക്കണം.

19. കൗദാശികവിവാഹം കൂടാതെയുള്ള സിവിൽവിവാഹം, വിവാഹത്തിനു മുമ്പുള്ള കൂടിത്താമസം മുതലായ ഇന്നത്തെ ആഗോള സാംസ്കാരിക പ്രവണതകളെ തടയാൻ അജപാലകർ വിശ്വാസികളെ പ്രത്യേകം സഹായിക്കണം.

20. മറ്റ് മതവിഭാഗങ്ങളുമായി വിവാഹ ബന്ധത്തിലേർപ്പെട്ടിരിക്കുന്ന കുടുംബങ്ങളിലെ ഭാര്യാഭർത്താക്കന്മാർ, അവരുടെ കുട്ടികൾ എന്നിവരെക്കുറിച്ച് അജപാലകർക്ക് പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം.

21. കുടുംബങ്ങളുടെ തുടർപരിശീലനത്തിനുവേണ്ടി വിവാഹാനന്തര ബോധവൽകരണ പരിശീലനപദ്ധതികൾ കുടുംബപ്രേഷിതത്വകേന്ദ്രങ്ങളിൽ തുടങ്ങണം.

22. കുടുംബങ്ങൾ, ഇടവകകൾ ഉൾപ്പെടെ സഭയുടെ എല്ലാ തലങ്ങളിലും സ്ത്രീപുരുഷന്മാരുടെ തുല്യമഹത്വം ഉറപ്പാക്കുകയും തുല്യപങ്കാളിത്തത്തിന് അവസരമൊരുക്കുകയും വേണം. കുടുംബങ്ങളിൽ ഉത്തരവാദിത്വപൂർണ്ണമായ സ്ത്രീപുരുഷ പങ്കാളിത്തത്തോടുകൂടി സാമ്പത്തികമുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതാണ്.

23. ഇടവക ഉൾപ്പെടെയുള്ള സഭയുടെ ഭരണസംവിധാനങ്ങളിൽ അമിതമായ ഉദ്യോഗസ്ഥ മേധാവിത്വശൈലി ഉപേക്ഷിക്കണം. സഭാസംവിധാനങ്ങളുടെ ഓഫീസുകൾ അജപാലനശുശ്രൂഷയുടെ സ്വഭാവം നിലനിർത്തുകയും ആവശ്യമെങ്കിൽ ജനങ്ങൾക്ക് കൂടുതൽ സംലഭ്യമാകുംവിധം പുനഃക്രമീകരണം നടത്തുകയും വേണം.

24. വൈദികരിൽനിന്നും സമർപ്പതരിൽനിന്നും കൂടുതൽ ഹൃദ്യമായ വാക്കുകളും സമീപനങ്ങളും എല്ലാ ജനങ്ങൾക്കും, വിശിഷ്യ യുവജനങ്ങൾക്ക് ലഭിക്കണം.

25. തിരുനാളുകൾ ഇടവകയുടെ പൊതുവായ ആഘോഷമായിരിക്കുവാൻ ശ്രദ്ധിക്കുകയും ഒരു വ്യക്തിയെയോ, കുടുംബത്തെയോ മാത്രമായി പ്രസുദേന്തിയാക്കുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം.

26. എല്ലാ ആഘോഷങ്ങളുടെയും നടത്തിപ്പിനായി ശേഖരിക്കുന്ന തുകയുടെ 10%ൽ കുറയാത്ത ഒരു ഭാഗം, പാവങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി മാറ്റിവയ്ക്കണം.

27. പരിസ്ഥിതി സംരക്ഷണത്തിനായി ഇടവകകളും സ്ഥാപനങ്ങളും ക്ലീൻ പാരിഷ് പരിപാടികളും ക്ലീൻ ക്യാംപസ് പ്രോജക്റ്റുകളും നടപ്പിലാക്കണം.

**കുടുംബതലത്തിൽ**

28. ഓരോ കുടുംബവും കുടുംബപ്രാർത്ഥനയ്ക്കുള്ള തങ്ങളുടെ സമയം നിശ്ചയിച്ച് പ്രാർത്ഥിക്കണം. പ്രാർത്ഥനയ്ക്കുശേഷം മാതാപിതാക്കൾക്കും മുതിർന്നവർക്കും മക്കൾ സ്തുതി ചൊല്ലുന്ന രീതി എല്ലാ കുടുംബങ്ങളും അനുവർത്തിക്കേണ്ടതാണ്.

29. കുടുംബങ്ങളിൽ സ്നേഹം വർദ്ധിച്ചുവരുവാൻ കുടുംബാംഗങ്ങളുടെ ഒന്നുചേരൽ, കുടുംബപ്രാർത്ഥന, ഒരുമിച്ചിരുന്നുള്ള സംഭാഷണം, ഭക്ഷണം, യാത്രകൾ മുതലായവ പതിവായി നടത്തണം.

30. പെസഹാ അപ്പം മുറിക്കൽ, തിരുനാൾവിരുന്ന് മുതലായ കുടുംബത്തിലെ ആചാരങ്ങളും കർമ്മങ്ങളും ഇടവകതലത്തിൽ നടത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പരമ്പരാഗതമായ ഊട്ടുസദ്യയുള്ള ദേവാലയങ്ങളെ അപവാദമായി കാണാവുന്നതേയുള്ളൂ.

31. വിവിധ മതവിശ്വാസികൾ ഒന്നിച്ചു താമസിക്കുന്ന ഭാരതത്തിന്റെ പരിതോവസ്ഥയിൽ, മാധ്യമങ്ങളിലൂടെ സഭയെയും അജപാലനപ്രവർത്തങ്ങളെയും നിഷേധാത്മകമായി വിമർശിക്കുന്നതിൽ നിന്ന് വിശ്വാസികൾ വിട്ടുനിൽക്കേണ്ടതാണ്. എന്നാൽ അജപാലനനേതൃത്വം അല്മായരിൽ നിന്നുള്ള സർഗാത്മകവിമർശനങ്ങളോടും നിർദ്ദേശങ്ങളോടും തുറവിയുള്ളതായിരിക്കണം.

32. ഓരോ വിശ്വാസിയും തന്റെ സമ്പാദ്യത്തിന്റെ ദശാംശം ദൈവാലയത്തിന് കൊടുക്കുന്ന രീതി കഴിവതും പ്രാവർത്തികമാക്കേണ്ടതാണ്.

33. സമ്പന്നകുടുംബങ്ങൾ ദരിദ്രകുടുംബങ്ങളെ ദത്തെടുക്കുകയും സാമ്പത്തികവും വിദ്യാഭ്യാസപരവും സാമൂഹികവുമായ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യണം.

## മിഷൻപ്രവർത്തനങ്ങൾ

34. സഭയുടെ മിഷൻപ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും സഹകാരികളാകാൻ അല്മായസഹോദരങ്ങൾക്ക് അജപാലകർ അവസരങ്ങൾ നൽകണം. അല്മായർ നടത്തുവാൻ ആഗ്രഹിക്കുന്ന മിഷൻസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം.

35. മിഷൻപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ സഭയുടെ മൗണ്ട് സെന്റ് തോമസ് ആസ്ഥാനകാര്യാലയത്തിൽ പ്രവർത്തിക്കുന്ന "സീറോ മലബാർ മിഷനെ" (SyMM) നിർലോപമായ സഹകരണം നല്കി ശക്തിപ്പെടുത്തണം.

36. നല്ല സാമ്പത്തികശേഷിയുള്ള ഇടവകകളും സ്ഥാപനങ്ങളും, നമ്മുടെ മിഷൻരൂപതകൾ, മിഷൻ റീജനുകൾ, മിഷൻ സെന്ററുകൾ എന്നിവയെ ദത്തെടുക്കണം.

37. മിഷണറിമാരെ, അവരുടെ മിഷൻ പ്രദേശത്തുണ്ടാകുന്ന അനുഭവങ്ങൾ പങ്കുവയ്ക്കാനും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കാനുമായി ഇടവകകളിലേക്കും രൂപതകളിലേക്കും ക്ഷണിക്കണം.

## പ്രവാസികൾ

38. പ്രവാസികളുടെ സമൂഹങ്ങളിലെല്ലാം സിനഡിന്റെ നിർദേശങ്ങളനുസരിച്ച് ലിറ്റർജിയും കൂദാശകളും ആഘോഷിക്കണം.

39. പ്രവാസികളുടെ പേരു രജിസ്റ്റർ ചെയ്യാൻ സഹായിക്കുന്നതിന് പ്രവാസികളുടെ ഒരു ഡേറ്റാ ബാങ്ക് സഭയുടെ വ്യത്യസ്ത തലങ്ങളിൽ ശേഖരിക്കണം. കാര്യക്ഷമമായ ബന്ധം പ്രവാസികളുടെയിടയിലും പ്രവാസികളുമായും ഇന്ത്യക്കു പുറത്തുള്ള രൂപതകളുമായും വളർത്തുവാൻ വേണ്ടി വെബ്സൈറ്റും മറ്റ് ആധുനിക സാമൂഹിക മാധ്യമസങ്കേതങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തണം.

40. ഉന്നതവിദ്യാഭ്യാസത്തിനും ജോലിക്കുംവേണ്ടി ഇടവക വിട്ടുപോകുന്ന യുവതീയുവാക്കളുടെ ഒരു പട്ടിക ഇടവകകൾ സൂക്ഷിക്കണം. അവർ ജീവിക്കുന്ന പുതിയ സ്ഥലങ്ങളിൽ അവരെ സീറോമലബാർ സമൂഹവുമായി ബന്ധപ്പെടാൻ അജപാലകർ സഹായിക്കണം.

41. പ്രവാസികളെയും അവരുടെ തുടർതലമുറകളെയും സജീവക്രൈസ്തവരും പക്വതയുള്ള മിഷണറിമാരുമാക്കുവാൻ സുശക്തമായ സംഘടിത സംവിധാനങ്ങൾ രൂപതകളിലും പ്രവാസിസമൂഹങ്ങളിലും ഉണ്ടാകണം. റിസേർച്ച് സെന്റർ ഉൾപ്പടെയുള്ള സ്ഥിരമായ പ്രവാസി ഗ്ലോബൽ ഓഫീസ്, പ്രവാസി ദൈവശാസ്ത്രഫോറം, വിശ്വാസപരിശീലനവിഭാഗത്തിന്റെ ആഗോളശാഖകൾ എന്നിവ ഉണ്ടാകണം.

42. പ്രവാസികളായ വിശ്വാസികൾ മാതൃഇടവകകളിൽനിന്ന് കൂദാശകൾ ആവശ്യപ്പെടുമ്പോൾ അവർക്ക് കൂടുതൽ സ്വീകാര്യതയോടും സ്വാതന്ത്ര്യത്തോടും അവ ലഭിക്കുവാൻ ഇടയാകണം. അതേ സമയം, പ്രവാസികൾ അവർക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സഭാസംവിധാനങ്ങളോട്, വിശിഷ്യാ ഫ്രീ-സ്റ്റേറ്റ് സർട്ടിഫിക്കറ്റോ മറ്റ് എഴുത്തുകളോ ഉണ്ടായിരിക്കണമെന്ന ക്രമീകരണത്തോട്, സഹകരിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

43. പ്രവാസപ്രദേശങ്ങളിൽ പ്രോവിൻസുകളും ഭവനങ്ങളും തുടങ്ങുവാൻ സീറോമലബാർ സഭയിൽപ്പെട്ട സമർപ്പിത സമുഹങ്ങൾ തയ്യാറാകണം. അവർ ലത്തീൻ രൂപതകളിലാണു ശുശ്രൂഷ ചെയ്യുന്നതെങ്കിലും അവരുടെ ഭവനങ്ങളിൽ സീറോമലബാർ ലിറ്റർജി ആഘോഷിക്കാനും സഭയുടെ തനിമയനുസരിച്ചു ജീവിക്കാനും ശ്രദ്ധിക്കണം.

## പൊതുനിർദേശങ്ങൾ

44. ആരാധനാക്രമത്തിലുള്ള ഐക്യവും അതിന്റെ സാരാംശങ്ങളിലുള്ള ഐകരൂപ്യവും പാലിക്കാൻ സീറോമലബാർ സഭയിലെ ദൈവജനം മുഴുവനും തയ്യാറാകണം.

45. ക്നാനായാ സമൂഹത്തിനുവേണ്ടി, ആ സമൂഹത്തിന് പരിഗണനീയ മായ അംഗങ്ങളുള്ള പ്രദേശങ്ങളിലെല്ലാം ക്നാനായാ അജപാലനാശുശ്രൂഷാ സൗകര്യം സംലഭ്യമാക്കണം.

46. സീറോ മലബാർ അല്മായ സംഘടനയായ കാത്തോലിക്കാ കോൺ ഗ്രസ്സിനെ അല്മായരും അജപാലകരും ഒരുപോലെ പ്രോത്സാഹിപ്പിക്കേണ്ട താണ്.

47. സഭയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന പത്രമാസികകളെയും മറ്റ് ആനുകാലികങ്ങളെയും ഇലക്ട്രോണിക് – ഇന്റർനെറ്റ് മാധ്യമങ്ങളെയും കഴിവതും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

48. പാർശ്വവത്കരിക്കപ്പെട്ടവർ ഇന്ത്യയിൽ ക്രൂരമായ പീഡനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നത് തികച്ചും അപലപനീയമാണ്. ദളിതരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മതന്യൂനപക്ഷങ്ങളുടെയും വിമോചന ത്തിനും ശാക്തീകരണത്തിനും വേണ്ടി നാം മുന്നിട്ടിറങ്ങണം. പാർശ്വവത്കരിക്ക പ്പെട്ടവർക്കുള്ള അവകാശങ്ങൾ സർക്കാരിൽനിന്ന് നേടിയെടുക്കുവാൻ ഫലപ്രദമായ പരിഹാരമാർഗങ്ങൾ തേടേണ്ടതാണ്.

49. പശ്ചിമഘട്ടത്തിലുള്ള കൃഷിക്കാരുടെ ദയനീയ സ്ഥിതിയിൽ ഉത്കണ്ഠ പ്പെടുകയും അവരുടെ ദുഃഖങ്ങളിലും ആകുലതയിലും പൂർണമായി പങ്കു ചേരുകയും ചെയ്യണം.

50. തീരദേശങ്ങളിൽ കഴിയുന്നവരുടെ ഉദ്ധാരണത്തിനായി ക്രിയാത്മക പദ്ധതികൾ സർക്കാരിന്റെ പിന്തുണയോടെ നടപ്പിലാക്കണം.

51. നഷ്ടത്തിൽ കലാശിക്കുന്ന കൃഷികൾക്കും പരമ്പരാഗത വ്യവസായ ങ്ങൾക്കും പകരം ലാഭകരമായ കൃഷികളിലേക്കും പുതിയ വ്യവസായ സംരംഭങ്ങളിലേക്കും തിരിയുവാൻ നാം പരിശ്രമിക്കണം.

52. പൊതുസ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലുമുള്ള അഴിമതി, നീതിരഹിതമായ വേതനം തുടങ്ങിയ സാമൂഹികദ്രോഹങ്ങളും, ജലം, വായു തുടങ്ങിയവയെ മലിനമാക്കുന്ന പാരിസ്ഥിതിക ദ്രോഹങ്ങളും ഉണ്ടാകുമ്പോൾ അത്തരം പ്രവൃത്തികളെ നിരോധിക്കുന്നതിനും നീതി പുനഃസ്ഥാപിക്കു

## Syro-Malabar Church Anthem

(സീറോ-മലബാർ സഭാഗാനം)

സീറോമലബാർ സഭയുടെ തനയർ
മാർതോമായുടെ മക്കൾ
ഘോഷിക്കുകയായ് ലോകം മുഴുവൻ
ഒരുജനമായ് തിരുവചനം

ആർഷഭാരതസംസ്കാരത്തിൽ
ഉദയംകൊണ്ടൊരു നവജനത
ഇന്നീസഭതൻ മഹിതചരിത്രം
സാന്ദ്രം ശ്രേഷ്ഠം ദീപ്തം...

പള്ളികളേഴര തോമാശ്ലീഹാ
പടുത്തുയർത്തിയതോർക്കാം
വിശ്വാസത്തിനു ദർശനമേകും
മാർതോമാതൻ സച്ചരിതം

ശ്ലീഹാ നാട്ടിയ സ്ലീവാത്തണലിൽ
മുന്നേറും നാം ദൈവജനം
തനിമവിടാതെ കാത്തീടാം
ദൈവിക, ശ്ലൈഹിക സൂക്തം

സത്യം ജീവൻ മാർഗവുമൊരുപോൽ
സുതരിൽ നിതരാം കൃപയാകാൻ
മിശിഹാ നല്കിയ സ്നേഹപ്രഭയിൽ
വിശ്വം മുഴുവൻ തെളിയട്ടെ

അജപാലകനായി വാണീടട്ടെ
തിരുസഭതലവൻ മാർപാപ്പാ
സീറോ-മലബാർ സഭയുടെ താതൻ
നിരതം നമ്മെ നയിക്കട്ടെ

ജയ ജയ പാരിൽ വിശ്രുതയായ്
സീറോ-മലബാർ സഭയെന്നും
ജയ ജയ തോമാശ്ലീഹാ
ക്രിസ്തുമഹോന്നത ശിഷ്യൻ (2)